"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- വൈക്കം നഗരസഭാ ഓഫീസിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - ടൗൺ പ്ലാനിംഗ് സെക്ഷൻ സൂപ്രണ്ട് ശ്രീമതി.മിനി പി, ടൗൺ പ്ലാനിംഗ് സെക്ഷൻ ക്ലാർക്ക് ശ്രീമതി.സജിത എൻ.എം. എന്നിവർക്കെതിരായ അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2057/2025/LSGD തീയതി,തിരുവനന്തപുരം, 18-08-2025

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 13.03.2020 തീയതിയിലെ ഇ5(എസ്.സി.22/2019/ഇ.ആർ.കെ.) 4709/2020 നമ്പർ കത്ത്.
2. 10.01.2025 തീയതിയിലെ ഇയു2-184/2021/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 04.08.2025 തീയതിയിലെ LSGD/PD/10539/2023-VIGB6 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ നഗരസഭകളിൽ കെട്ടിട നിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട് വ്യാപകമായ അഴിമതിയും ക്രമക്കേടുകളും നടക്കുന്നുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വൈക്കം നഗരസഭാ ഓഫീസിൽ 07.12.2019 ൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെയടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തതനുസരിച്ച് ചുവടെ ചേർക്കുന്ന അപാകതകൾക്ക് ടൗൺ പ്ലാനിംഗ് സെക്ഷൻ സൂപ്രണ്ട് ശ്രീമതി.മിനി പി, ടൗൺ പ്ലാനിംഗ് സെക്ഷൻ ക്ലാർക്ക് ശ്രീമതി.സജിത എന്നിവർക്കെതിരെ KCS(CC&A) Rules 1960 Rule 16 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു--

(i) എഞ്ചിനീയറിംഗ് സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർമാർ, സെക്ഷൻ ക്ലാർക്ക് എന്നിവർ പേഴ്സണൽ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

(ii) കെട്ടിട നിർമ്മാണ പെർമിറ്റ്/ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് തുടങ്ങിയ അപേക്ഷകളിൽ നിരസിച്ചതോ, കൂടുതൽ രേഖകൾ സമർപ്പിക്കുന്നതിന് അപേക്ഷകനെ അറിയിക്കേണ്ടതോ ആയ വിവരങ്ങൾ സംബന്ധിച്ച നോട്ടീസുകൾ അപേക്ഷകന് നൽകുവാൻ ഫയലിൽ കുറിപ്പ്

എഴുതുന്നതല്ലാതെ കക്ഷികൾക്ക് യഥാസമയം നോട്ടീസ് നൽകി ന്യൂനതകൾ പരിഹരിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.

(iii) ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളുടെ തീർപ്പ് സംബന്ധിച്ച് സാങ്കേതം സോഫ്റ്റ് വെയറിൽ യഥാവിധി വിവരങ്ങൾ ചേർക്കുന്നില്ല. ഇക്കാരണത്താൽ ടി സോഫ്റ്റ് വെയറിൽ നിന്നും യഥാർത്ഥ പെൻഡിങ്ങ് സ്റ്റാറ്റസ് അറിയുവാൻ കഴിയുന്നില്ല.

2. കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് ശ്രീമതി.മിനി പി, ശ്രീമതി.സജിത എന്നിവർ സമർപ്പിച്ച എതിർവാദപത്രികയിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരം അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ടിന്റേയും, കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് മേൽ ജീവനക്കാർ സമർപ്പിച്ച മറുപടിയുടേയും, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് ടൗൺ പ്ലാനിംഗ് സെക്ഷൻ ക്ലാർക്ക് ശ്രീമതി.സജിത സമർപ്പിച്ച എതിർവാദപത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം പരിശോധിച്ചതിൽ, പേഴ്സണൽ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല എന്ന ആരോപണത്തിൽ സെക്ഷൻ ക്ലാർക്ക് ശ്രീമതി.സജിത-യുടെ ഭാഗത്ത് നിന്ന് മനഃപൂർവ്വമല്ലാത്ത വീഴ്ചയുണ്ടായിട്ടുള്ളതായും എന്നാൽ ആയത് ടി സമയത്ത് 2 പ്രധാന സെക്ഷനുകളുടെ ചുമതല വഹിച്ചിരുന്നതിനാലുള്ള ജോലി തിരക്കുമൂലം സംഭവിച്ചതാണെന്നും, മറ്റ് 2 അപാകതകളിൽ ടിയാളുടെ വിശദീകരണം അംഗീകരിക്കാവുന്നതാണെന്നും കാണുകയുണ്ടായി.

4. കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് ടൗൺ പ്ലാനിംഗ് സെക്ഷൻ സൂപ്രണ്ട് ശ്രീമതി.മിനി പി, സമർപ്പിച്ച എതിർവാദപത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം പരിശോധിച്ചതിൽ, എഞ്ചിനീയറിംഗ് സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർമാർ, സെക്ഷൻ ക്ലാർക്ക് എന്നിവർ പേഴ്സണൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല എന്ന അപാകതയ്ക്കും, അപേക്ഷകർക്ക് യഥാസമയം നോട്ടീസുകൾ നൽകി അപേക്ഷകളിലെ ന്യൂനതകൾ പരിഹരിക്കാൻ യാതൊരു നടപടികളും സ്വീകരിച്ചില്ലായെന്ന അപാകതയ്ക്കും, ശ്രീമതി.മിനി പി, യുടെ വിശദീകരണം അംഗീകരിക്കാവുന്നതല്ലായെന്നും ടി വിഷയത്തിൽ സെക്ഷൻ സുപ്രണ്ട് എന്ന നിലയിൽ ശ്രീമതി മിനി.പി.ക്ക് മേൽനോട്ട വീഴ്ച്ച ഉണ്ടായിട്ടുള്ളതാണ് എന്നും കാണുന്നു. എന്നാൽ സങ്കേതം സോഫ്റ്റ് വെയറിൽ സെക്ഷൻ ക്ലാർക്കിനും, ഓവർസിയർക്കും അസിസ്റ്റന്റ് എഞ്ചിനീയർക്കും, സെക്രട്ടറിക്കും മാത്രമേ ലോഗിൻ ഉണ്ടായിരുന്നുള്ളു എന്നതിനാൽ ടൌൺ പ്ലാനിംഗ് സെക്ഷൻ സൂപ്രണ്ടിന്റെ ചുമതല വഹിച്ചിരുന്ന ശ്രീമതി മിനി പി. യുടെ ഭാഗത്തുനിന്നും ടി വിഷയത്തിൽ മനപൂർവ്വമായ വീഴ്ച വന്നിട്ടില്ല എന്നും കാണുകയുണ്ടായി.

5. മേൽ സാഹചര്യത്തിൽ വൈക്കം നഗരസഭയിൽ വിജിലൻസ് നടത്തിയ മിന്നൽപരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ വൈക്കം നഗരസഭാ ഓഫീസിലെ ടൗൺ പ്ലാനിംഗ് സെക്ഷൻ ക്ലാർക്ക് ശ്രീമതി.സജിതയ്ക്കെതിരെ KCS(CC&A) Rules 1960 Rule 16 പ്രകാരം ആരംഭിച്ചിരുന്ന അച്ചടക്കനടപടി, കൃത്യനിർവഹണത്തിൽ ജാഗ്രത പുലർത്തേണ്ടതാണെന്നും മേലിൽ ഇത്തരം വീഴ്ചകളുണ്ടായാൽ ആയത് ഗൗരവത്തോടെ വീക്ഷിച്ച് കർശന നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ച് ശാസന (സെൻഷ്വർ) നൽകി തീർപ്പാക്കിയും, മേൽ പരാമർശിച്ച (i),(ii) അപാകതകളിൽ ടൗൺ പ്ലാനിംഗ് സെക്ഷൻ സൂപ്രണ്ട് ശ്രീമതി.മിനി പി,യുടെ ഭാഗത്ത് നിന്ന് മേൽനോട്ട വീഴ്ച

ഉണ്ടായിട്ടുള്ളതിനാൽ ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി ടിയാളുടെ ഒരു വാർഷിക ഇൻക്രിമെൻറ് 6 മാസത്തേക്ക് സഞ്ചിതഫലപ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ടും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീമതി.മിനി പി, സെക്ഷൻ സൂപ്രണ്ട്, വൈക്കം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി.സജിത എൻ.എം, സെക്ഷൻ ക്ലാർക്ക്, വൈക്കം നഗരസഭ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 18-08-2025 14:22:12
സെക്ഷൻ ഓഫീസർ